

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 21 No. 3-4 Newsletter March-April 2023



# SCF Retreat











# CHURCH VOICE

21th year of publication

**MARCH/APRIL 2023**



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback
may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ... 6

**Rev. Dr. L.E. Sahanam**

**കോൺഗ്രിഗേഷണൽ സഭകളും ബാപ്റ്റിസ്റ്റ് സഭകളും**

കോൺഗ്രിഗേഷണൽ പാരമ്പര്യമുള്ള സഭകളെക്കുറിച്ചും ബാപ്റ്റിസ്റ്റ് സഭകളെക്കുറിച്ചും പറയുന്നതിനുമുമ്പ് സഭാനവീകരണത്തോടൊപ്പം ഉരുത്തിരിഞ്ഞുവന്ന ചില വിശുദ്ധ കർമ്മങ്ങളെക്കുറിച്ചും അവയെ സംബന്ധിക്കുന്ന ചില വേദശാസ്ത്ര വ്യാഖ്യാനങ്ങളെക്കുറിച്ചും കൂടെ അറിഞ്ഞിരിക്കുന്നത് പ്രയോജനപ്രദമായിരിക്കും. നവീകരണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഏറെ ചർച്ചചെയ്യപ്പെട്ട ഒരു വിഷയമാണ് സഭയുടെ വിശുദ്ധശുശ്രൂഷകൾ (Sacraments). റോമൻ കത്തോലിക്ക സഭ ഏഴു ശുശ്രൂഷകൾ വിശുദ്ധ ശുശ്രൂഷകളായി അംഗീകരിച്ചപ്പോൾ ഒട്ടുമിക്ക നവീകരണ സഭകളും തിരുവത്താഴ ശുശ്രൂഷയും സ്നാനശുശ്രൂഷയും മാത്രമാണ് അത്തരത്തിൽ അംഗീകരിച്ചിരുന്നത്. അതിനൊരു പ്രധാനകാരണം ഇവ രണ്ടും കർത്താവ് നേരിട്ട് നിർദ്ദേശിച്ചിരുന്നു എന്നതാണ്.

തിരുവത്താഴശുശ്രൂഷയെ സംബന്ധിച്ച് നാല് തരത്തിലുള്ള വ്യാഖ്യാനങ്ങൾ പ്രബലപ്പെട്ടു. **ഒന്ന്.** പുരോഹിതൻ അപ്പവും വീഞ്ഞും കരങ്ങളിലെടുത്ത് വാഴ്ത്തുമ്പോൾ അവ അക്ഷരാർത്ഥത്തിൽ യേശുവിന്റെ മാംസവും രക്തവുമായി മാറ്റപ്പെടുന്നു എന്നതാണ് (theory of transubstantiation). ഇത് കത്തോലിക്ക സഭയുടെ വിശ്വാസമാണ്. അപ്പവും വീഞ്ഞും വാഴ്ത്തപ്പെടുമ്പോൾ ഭൗതീകമായി അവയ്ക്ക് യാതൊരു മാറ്റവും സംഭവിക്കുന്നില്ലെന്നും എന്നാൽ അവ യേശുവിന്റെ ആത്മീക ശരീരമായി മാറ്റപ്പെടുന്നു എന്നതാണ് **രണ്ടാമത്തെ വാദം** (theory of consubstantiation). മാർട്ടിൻ ലൂഥറും അദ്ദേഹത്തെ പിൻതുടരുന്നവരും ഈ വാദം മുറുകെ പിടിച്ചു. **മൂന്ന്.** തിരുവത്താഴ ശുശ്രൂഷയിൽ അപ്പവും വീഞ്ഞും വാഴ്ത്തപ്പെടുമ്പോൾ ഭൗതീകമായോ ആത്മീകമായോ അവയ്ക്ക് ഒരു മാറ്റവും സംഭവിക്കുന്നില്ലെന്നും പ്രസ്തുത ശുശ്രൂഷയിൽ യേശുവിന്റെ ആത്മീയ സാന്നിധ്യമാണുള്ളതെന്നും (spiritual presence of Christ) ജോൺകാൽവിനും കൂട്ടരും വാദിച്ചു. **നാല്.** കൂട്ടത്തിൽ നവീകരണത്തിന്റെ തീവ്രവാദിയായി മുദ്രകുത്തപ്പെട്ട (radical reformer) ഉൾറിച്ച് സ്വിംഗ്ലി, തിരുവത്താഴ ശുശ്രൂഷക്ക് പലരും

കരുതുന്നതുപോലുള്ള പരിപാവനതയൊന്നുമില്ലെന്നും ചിലർ വാദിക്കുന്നതുപോലുള്ള രൂപാന്തരമൊന്നും സംഭവിക്കുന്നില്ലെന്നും വാദിച്ചു. യേശു തന്റെ ശുശ്രൂഷയുടെ അന്ത്യ ഘട്ടത്തിൽ ശിഷ്യന്മാരുമായി പെസഹകഴിക്കുന്നതിനു ഒരുമിച്ച് കൂടി. അത്താഴ സമയം യേശു ശിഷ്യന്മാരോടാവശ്യപ്പെട്ടതാണ് "എന്റെ ഓർമ്മക്കായി ഇത് ചെയ്വീൻ (ലൂക്കൊ. 22:20; 1 കൊരി. 11:24) അതുകൊണ്ട് തിരുവത്താഴ ശുശ്രൂഷ വെറും ഒരു ഓർമ്മപ്പെടുത്തലിന്റെ സാധാരണ ശുശ്രൂഷ മാത്രമാണ്. കർത്താവിന്റെ ക്രൂശീകരണത്തെ ഓർമ്മപ്പെടുത്തുന്നതിനുള്ള ഒരു വിശ്വാസിയുടെ പരസ്യപ്രഖ്യാപനം മാത്രമാണ് തിരുവത്താഴ ശുശ്രൂഷ (It is only a memorial act of Christ's death and a public declaration of faith by the recipient). ഈ ശുശ്രൂഷ നിർവഹിക്കുന്നതിന് ഒരു പട്ടക്കാരൻ തന്നെ ആവശ്യമില്ലെന്നും രാജകീയ പുരോഹിതവർഗ്ഗമായി ദൈവം തെരഞ്ഞെടുത്ത ആർക്കും അത് നിർവ്വഹിക്കാമെന്നും സ്വിംഗ്ലിയുടെ അനുയായികളിൽ ചിലർ വാദിച്ചു. കോൺഗ്രിഗേഷണൽ സഭകളിൽ പലതിന്റെയും അടിസ്ഥാന പ്രമാണങ്ങളിൽ ഒന്ന് തിരുവത്താഴ ശുശ്രൂഷയോടുള്ള ഈ ഒരു കാഴ്ചപ്പാടാണ്. (തിരുവത്താഴത്തിന് ഉപയോഗിക്കുന്ന വസ്തുക്കളോട് വിവിധ സഭാ വിഭാഗങ്ങളിലെ ശുശ്രൂഷകരും വിശ്വാസികളും കാണിക്കുന്ന ആദരവ് ശ്രദ്ധിച്ചാൽ ഈ വ്യത്യാസങ്ങൾ മനസ്സിലാക്കാം. റോമർ കത്തോലിക്കാ സഭകളിൽ അപ്പവും വീഞ്ഞും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതും, ഒരു തുള്ളി വീഞ്ഞോ, ഒരു നുള്ള് അപ്പമോ നിലത്തുവീഴാതെ കൈകാര്യം ചെയ്യുന്നതും ഉപയോഗിച്ച ശേഷം ബാക്കിവരുന്നത് അൾത്താരയിലുള്ള പ്രത്യേക സ്ഥലത്ത് സൂക്ഷിച്ചുവക്കുകയുമാണ് പതിവ്. ആംഗ്ലിക്കൻ പാരമ്പര്യമുള്ള സഭകളിൽ ഒരു കപ്പിൽ നിന്ന് വീഞ്ഞു കുടിക്കുകയും വാഴ്ത്തിയ ശേഷം ബാക്കിവരുന്ന അപ്പവും വീഞ്ഞും പുരോഹിതൻ തന്നെ ഉപയോഗിച്ച് തീർക്കുകയുമാണ് രീതി.

പ്രെസ്ബിറ്ററീരിയൻ സഭകളിൽ വാഴ്ത്തിയ ശേഷം ബാക്കിവരുന്ന അപ്പവും വീഞ്ഞും പ്രെസ്ബിറ്ററും മൂപ്പന്മാരും ആരാധനക്കുശേഷം വെസ്ട്രിയിൽ വച്ച് ഉപയോഗിച്ചുതീർക്കാറുണ്ട്. നാം ഉൾപ്പെടുന്ന കോൺഗ്രിഗേഷണൽ സഭകളിലെ രീതി ഞാൻ പറയേണ്ടതില്ലല്ലോ. ബാപ്റ്റിസ്റ്റ് സഭകളും ഏറെക്കുറെ സ്വിംഗ്ലിയുടെ വ്യാഖ്യാനത്തോട് യോജിക്കുന്നവരാണ്.

പൗരോഹിത്യ ശുശ്രൂഷയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് കോൺഗ്രിഗേഷണൽ സഭകളുടെ മറ്റൊരു മുഖമുദ്ര. 1 പത്രോസ് 2:9

മുതലുള്ള വാക്യങ്ങളിൽ വിവക്ഷിക്കുന്നു തെരഞ്ഞെടുക്കപ്പെട്ട എല്ലാരുടെയും പൗരോഹിത്യം (Priesthood of all behievers) അക്ഷരാർത്ഥത്തിൽ പാലിക്കപ്പെടണം എന്നതാണ് കോൺഗ്രിഗേഷണൽ സഭകളുടെ കാഴ്ചപ്പാട്. ഓരോ സഭകളുടെയും പരമാധികാരം അംഗീകരിക്കുന്നതോടൊപ്പം ഓരോ വിശ്വാസിയുടെയും പൗരോഹിത്യ ഉത്തരവാദിത്വവും കോൺഗ്രിഗേഷണൽ സഭകൾ മുറുകെപ്പിടിക്കുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിത വർഗ്ഗമെന്ന നിലയിൽ എല്ലാ വിശ്വാസികളും സമന്മാരാണെന്നും ദൈവസന്നിധിയിൽ ആർക്കും പ്രത്യേക സ്ഥാനമൊന്നുമില്ലെന്നും അവർ വിശ്വസിക്കുന്നു. (സി.എസ്.ഐ. സഭാരൂപവത്ക്കരണ സമയം ആംഗ്ലിക്കൻ സഭയുമായുള്ള ചർച്ചകളിൽ കോൺഗ്രിഗേഷണൽ സഭകൾ ഈ വിഷയം ആവർത്തിച്ചു ഉന്നയിച്ചുകൊണ്ടേയിരുന്നു.

പോപ്പിന്റെ അധികാരങ്ങളുടെ നിഷേധമായിരുന്നു നവീകരണത്തിന്റെ ഒരു പ്രധാന വിഷയം. സഭയുടെ തലവൻ പോപ്പ്/ബിഷപ്പ് അല്ലെന്നും ക്രിസ്തുവാണെന്നും ആത്യന്തികമായി ക്രിസ്തുവിനെയാണ് ഒരു വിശ്വാസി അനുസരിക്കേണ്ടത് എന്നുമായിരുന്നു കോൺഗ്രിഗേഷണൽ സഭകളുടെ മറ്റൊരു വാദം.

സഭയുടെ അധികാരത്തെക്കുറിച്ചും ഭരണക്രമത്തെക്കുറിച്ചും കോൺഗ്രിഗേഷണൽ സഭകൾ വ്യത്യസ്ത നിലപാട് സ്വീകരിച്ചിരുന്നു. ഓരോ സഭക്കും അവരവരുടെ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അവകാശം വേദപുസ്തകം നൽകുന്നത് അതതു സഭകൾക്കാണെന്നും അല്ലാതെ ഒരു വ്യക്തിയെയോ (കത്തോലിക്ക, അംഗ്ലിക്കൻ സഭകൾ പോലെ) മറ്റൊരു ഉന്നതാധികാര സമിതിയെയോ (പ്രെസ്ബിറ്റീരിയൻ) അല്ലെന്നും അവർ കരുതി.

ആരാധന സ്ഥലത്തെയും സഭാ ശുശ്രൂഷകരുടെ വേഷത്തിലെയും ലാളിത്യമായിരുന്നു അവരുടെ മറ്റൊരു മുഖമുദ്ര. പാരമ്പര്യ ആചാരങ്ങളോട് നിഷേധാത്മകമായ നിലപാട് അവർ സ്വീകരിച്ചു. അൾത്താരയിൽ സൂക്ഷിച്ചിരുന്ന പ്രതിമകൾ, പ്രതീകങ്ങൾ, കൊത്തുപണികൾ, ചിത്രങ്ങൾ, കുരിശുകൾ വരെ അവർ എടുത്തു മാറ്റി. തിരുവത്താഴത്തിനുപയോഗിക്കുന്ന അപ്പവും വീഞ്ഞും അൾത്താരയിൽ നിന്നു മാറ്റി പ്രധാന കവാടത്തിനു സമീപം സൂക്ഷിച്ചു. ജനങ്ങളുടെ ഇരിപ്പിടത്തിൽ അപ്പവും വീഞ്ഞും നൽകുന്ന രീതി നടപ്പിലാക്കി. വേദപുസ്തകത്തിലില്ലാത്തതൊന്നും സ്വിംഗ്ലി അനുവദിച്ചിരുന്നില്ല.

നവീകരണ സഭകളെല്ലാം തന്നെ ആദ്യ കാലം മുതൽ അംഗീകരിച്ചിരുന്ന മറ്റൊരു വിശുദ്ധ ശുശ്രൂഷയാണ് സ്നാനം. സ്നാന ശുശ്രൂഷ നിർവഹിക്കുന്നതിന് വ്യത്യസ്ഥരീതികൾ ഓരോ സഭകളും പിൻതുടർന്നിരുന്നെങ്കിലും സഭയുടെ ആരംഭം മുതൽ പൗരസ്ത്യ സഭകൾ ഉൾപ്പെടെ എല്ലാ സഭകളും കുഞ്ഞുങ്ങൾക്കും സ്നാനം നൽകിയിരുന്നു. വേദപുസ്തകത്തിനുമാത്രം ആധികാരികത എന്ന് വിശ്വസിക്കുകയും വേദപുസ്തക പരിഭാഷകൾ സാധാരണ വിശ്വാസികളുടെ കരങ്ങളിൽ ലഭിച്ചു തുടങ്ങുകയും ചെയ്തതു മുതൽ വേദപുസ്തകം വായിക്കുന്നതിനു സാധിക്കുന്നവരൊക്കെ അത് വായിച്ച് വ്യാഖ്യാനിച്ചു തുടങ്ങി. അത്തരത്തിൽ അനേകരുടെ ശ്രദ്ധയാകർഷിച്ചു തുടങ്ങിയ ഒരു വിഷയം കൂടിയായി മാറി സ്നാനം. തുടർന്ന് ശിശുക്കൾക്ക് സ്നാനം നൽകുന്നത് വേദപുസ്തകാടിസ്ഥാനത്തിൽ ശരിയല്ലെന്ന് ചിലർ വാദിച്ചു തുടങ്ങി. ആദിമസഭയിൽ വ്യാപകമായ പീഡകളുടെ മധ്യേ കുട്ടികൾ ഉൾപ്പെടെ അനേകർ രക്തസാക്ഷിത്വം വഹിക്കുന്നതിനിടയായ സാഹചര്യത്തിൽ തങ്ങൾക്കൊപ്പം തങ്ങളുടെ കുഞ്ഞുങ്ങളും സ്വർഗ്ഗരാജ്യത്തിനവകാശികളായിത്തീരണമെന്ന ആഗ്രഹത്തിൽ കുഞ്ഞുങ്ങൾക്ക് സ്നാനം നൽകിയതിൽ ആരും ഒരപാകതയും കണ്ടില്ല. എന്നാൽ നവീകരണ കാലഘട്ടമായപ്പോൾ വേദപുസ്തകത്തിന്റെ ആധികാരികതയുടെ പേരിൽ കുഞ്ഞുങ്ങളുടെ സ്നാനം പല സഭകളും നിഷേധിച്ചു തുടങ്ങി. വിശ്വസിച്ച് സ്നാനം സ്വീകരിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യത്തിനവകാശികളായിത്തീരുകയുള്ളു എന്ന് വാദിച്ചവർ വീണ്ടും സ്നാനം നൽകിത്തുടങ്ങി. അത്തരത്തിൽ ആദ്യത്തെ പുനർസ്നാനം 1525 ജനുവരി 21-ന് സൂറിച്ചിനു സമീപം സോലിക്കോൺ (Zollicon) എന്ന സ്ഥലത്ത് നടത്തുകയുണ്ടായി. അത് പല സ്വതന്ത്ര സഭകളിലും പ്രശ്നങ്ങൾ ഉണ്ടാക്കി. ഇത്തരത്തിൽ വീണ്ടും സ്നാനം സ്വീകരിച്ചവരെ "വീണ്ടും സ്നാനക്കാർ" (anabaptist's) എന്ന് വിളിച്ചു തുടങ്ങി. പലയിടങ്ങളിലും വീണ്ടും സ്നാനം സ്വീകരിച്ചവരെ സഭയിൽ നിന്ന് പുറത്താക്കി. ചില സ്ഥലങ്ങളിൽ അതിന്റെ പേരിൽ രക്തച്ചൊരിച്ചിൽ വരെയുണ്ടായി. ചിലരെ മരണ ശിക്ഷക്കും വിധിച്ചു. ക്രമേണ വീണ്ടും സ്നാനം സ്വീകരിച്ചവർ സഭയിൽ നിന്നു പുറത്തുപോയി ചെറിയ ആരാധനാ സമൂഹങ്ങൾക്ക് രൂപം നൽകി. അത്തരം ആരാധനാസമൂഹങ്ങൾ ബാപ്റ്റിസ്റ്റ് സഭകൾ എന്നറിയപ്പെട്ടു തുടങ്ങി. യൂറോപ്പിലുടനീളം ഇത്തരത്തിൽ നിരവധി ബാപ്റ്റിസ്റ്റ് സഭകൾ രൂപം കൊണ്ടു. കോൺഗ്രിഗേഷണൽ സഭാവിശ്വാസികളും ബാപ്റ്റിസ്റ്റ് വിശ്വാസികളും രാഷ്ട്രീയത്തിൽ നിന്ന്

വിട്ടുനിൽക്കുന്നതിനും ഫ്യൂഡൽ യുദ്ധങ്ങളിൽ പങ്കെടുക്കാതെ മാറി നില്ക്കുകയും ചെയ്തിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ യൂറോപ്പിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് അമേരിക്കയിലേക്കു കുടിയേറി പ്പാർത്തവരിൽ നല്ലൊരുഭാഗം സഭയിൽ നിന്ന് പുറത്താക്കപ്പെട്ടവരോ പ്രാദേശികമായി സ്വാധീനമില്ലാത്തവരോ ആയിരുന്നു. എന്നാൽ അമേരിക്കയിൽ എത്തപ്പെട്ടവർ അവിടത്തെ സാമ്പത്തിക ശക്തിയുള്ള സമൂഹങ്ങളായി വളർന്നു. ശിശുസ്നാനം അംഗീകരിക്കുന്നത് ഒഴിവാക്കിയാൽ ആരാധനാ രീതികളിലും, സഭാ ഭരണക്രമത്തിലും, വിശ്വാസ വിഷയങ്ങളിലും കോൺഗ്രിഗേഷണൽ സഭകൾക്കും ബാപ്റ്റിസ്റ്റ് സഭകൾക്കും തമ്മിൽ ഏറെ ബന്ധമുണ്ട്. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ രൂപവത്ക്കരണത്തെ തുടർന്ന് ഇംഗ്ലണ്ടിലെ സഭകളിലുരുത്തിരിഞ്ഞു വന്ന പുതിയ ആശയങ്ങളും കോൺഗ്രിഗേഷണൽ സഭകളുടെ രൂപവത്ക്കരണത്തിന് മുഖാന്തിരമായി. അതിനെക്കുറിച്ചു അടുത്ത ലക്കത്തിൽ...



# പ്രതിവാര ധ്യാനം

**ഏപ്രിൽ 2**

*വിഷയം:*

**ക്രിസ്തു: സമാധാനത്തിന്റെ രാജാവ്**

സെഖ 9:1-12, സങ്കീ. 24, എഫെ. 2:11-22, മർക്കൊസ് 11:1-11

**ഏപ്രിൽ 9**

*വിഷയം:*

**പുനരുത്ഥാനം: ക്രിസ്തുവിലുള്ള ജീവിതത്തിന്റെ ആഘോഷം**

1 രാജ. 17:17-24, സങ്കീ. 118:1-4, 14-17, 1 കൊരി. 15:42-58, ലൂക്കൊ. 24:1-12

**ഏപ്രിൽ 16**

*വിഷയം :*

**ക്രിസ്തു : കർത്താവും ദൈവവും**

പുറ. 3:13-17, സങ്കീ. 93, കൊലോ. 1:15-23, യോഹ.20:24-29

**ഏപ്രിൽ 30**

*വിഷയം :*

**നിത്യജീവിതത്തിൽ ക്രിസ്തുവുമായുള്ള കൂട്ടായ്മ**

പുറ. 40:34-38, സങ്കീ. 23, ഫിലി. 3:8-16, ലൂക്കോ. 24:13-33



# REPORT OF ACTIVITIES

**Er. Premdas Justus**

Dear friends in Christ,

Greetings in the matchless name of our Lord and Savior Jesus Christ.

The worship services were conducted on all Sundays at 9 a.m. Sermons were delivered by Rev. Dr. L. E. Sahanam, Chev. R. Koshy M. George, Rev. Aneesh Varghese, Mr.ZaemEnock, Rev. Anvin Paul, Rev. Sujin Jacob and Rev. Calvin Kisto.

Fasting prayer was held on Saturday, February 11th and March 11$^{th}$, at 10 a.m. Worship and songs were led by CEYF. Sermons were delivered by Rev. Sujin Jacob and Mr. Benjamin Moses.

Circle prayers were conducted at the residences of Mrs.Rema C., Mr.Prakash S., Mr. Kanaka Rajan, Mr.Santhosh Kumar S., Mrs.Omana Paul Das, Mr.Febin and Mr. Sunil Babu.

12$^{th}$ February 2023 was observed as Bible Society Sunday. Representatives from Bible Society of India visited us and door collection was conducted. Sermon was delivered by Chev. Dr.Koshy M. George, Regional Coordinator.

Church History and Bible Quiz was held on 26th February at 3:00pm. Mr. Bejoy Peter was the quiz master. The winners are:

1$^{st}$ Prize : Mrs. Dani Natchathira Bai
2$^{nd}$ Prize : Mrs. Gladis J.
3$^{rd}$ Prize : Mrs. Sumangala J.
Consolation Prizes : Mrs. Jaya Prameela J. L.
Dr. Angela J. Das
Dr. Preethi Davidson
Mrs. Buela Jasmin N.
Mrs. Dilly Meena

Action Council Meeting was held on 19th February 2023 after the service.

The dedication service of Women's Fellowship was held on 12th February 2023. The service was lead by Rev. Dr. L. E. Sahanam. Women's Fellowship conducted their Fancy Sale on Sunday, 12th March 2023. The proceeds will be used for charity. They also conducted their retreat at CSI Church, Chenkal on 18th March 2023.

The retreat of Senior Citizen's Fellowship was held on 18th February 2023 at Neyyar Dam. Devotion was lead by Rev. Dr. R. Gnanadas.

We continue our efforts to reclaim the pocession of our church campus. Let's pray and work together in unity.

## OBITUARY

| Sl No | Family No | Name | |
|---|---|---|---|
| 1 | 625 | Dr. Moses Sam Rajan<br>Polunelvilakathu Bunglow,<br>TC 12/666, 139 Varambaserry Jn.,<br>Kunnukuzhy, Trivandrum 695037<br>Died on : 26-02-2023 |  |
| 2 | 305 | Mrs. Daisy H.<br>TC 20/830/1, Dreams, S-68, Sastri Nagar, Karamana, Tvm<br>Died on : 09-03-2023 |  |
| 3 | 90 | Mrs. Pearline Mafelda<br>TC 14/2135, Hs No - 174B<br>Mcads Lane, Palayam, Trivandrum -34<br>Died on : 17-03-2023 |  |



# പീഡനം സഹനം ഉത്ഥാനം

**ഡോ. ക്രിസ്റ്റൻസൺ ഈ. സാരസം**

**"നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു"** (ലൂക്കൊസ് 24:5,6)

ഈസ്റ്റർ ഞായറാഴ്ച വളരെ സവിശേഷമായ രീതിയിൽ നമ്മുടെ രക്ഷയും നീതീകരണവും നിത്യജീവനും നാം സസന്തോഷം ആഘോഷിക്കുമ്പോൾ, യേശുക്രിസ്തുവിന്റെ കുരിശ് മരണവും പുനരുത്ഥാനവുമാണ് നമ്മുടെ വിശ്വാസത്തിന്റെ സുസ്ഥിരമായ അടിത്തറ എന്നു ഒരിക്കലും മറക്കരുത്.

*ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ ?*
*പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായ് ചാകുന്നു ..*
*ആത്മാവേ ഓർക്ക നീ ഈ മഹാ സ്നേഹത്തെ*
*ദൈവത്തിൻ പുത്രാ നീ സാധുവെ സ്നേഹിച്ചു...*

യേശു പറഞ്ഞു: **"ഞാൻ മരിച്ചവൻ ആയിരുന്നു; എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്നു"** (വെളിപ്പാട് 1:18).

**ക്രിസ്ത്യാനിയുടെ ജീവിതശൈലി**

ക്രിസ്തുവിന്റെ അനുയായികൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അത്മാവിലും സത്യത്തിലും ആത്മാർഥമായി ആരാധിക്കുന്നത് തുടരുമ്പോഴാണ് സഭ നിലനിൽക്കുന്നത് (വെളിപ്പാട് 1:18).

ഈ വർഷം ഏപ്രിൽ മാസത്തിലെ വിശുദ്ധവാരത്തോടെ നോമ്പുകാല ആചരണം അവസാനിക്കുമെങ്കിലും, ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ നോമ്പും അനുതാപവും അനുരഞ്ജനവും വിശുദ്ധീകരണവും ഒരു പ്രത്യേക കാലഘട്ടത്തിലോ മാസത്തിലോ പരിമിതപ്പെടുന്നില്ല. ഇത് ഒരു വിശ്വാസിയുടെ ജീവിതരീതിയായി മാറണം. നോമ്പ്, നൊമ്പരങ്ങളിലെ അനുഗ്രഹമാണ്. യേശുകർത്താവിന്റെ പീഡാസഹനങ്ങളെ ഓർക്കുന്ന നാളുകളാണ് നോമ്പനുഭവങ്ങളെ സജീവമാക്കുന്നത്. നമ്മുടെ പ്രലോഭനങ്ങളുടെ മേലുള്ള അതിജീവനം നാം

വചനത്തിലൂടെ സാധ്യമാക്കണം. പിൻവാങ്ങിയിരുന്നു, മനപ്പൂർവമായ ആത്മപരിശോധനയിലൂടെ കർത്താവിനോടുള്ള ആഴമേറിയ സമർപ്പണത്തിൽ നാം എത്തിച്ചേരണം. ആരാധനയുടെ, പ്രാർഥനയുടെ, പരിമിതപ്പെടുത്തലുകളുടെ എല്ലാം നാളുകളായി നോമ്പ് നാളുകൾ നമുക്ക് അനുഭവപ്പെടാറുണ്ട്. ഈ ക്രമീകരണങ്ങളുടെ നടുവിൽ ക്രിസ്തുവിനെ നമുക്ക് അനുഭവിക്കാൻ സാധിക്കണം. വിശുദ്ധ തിരുവത്താഴം നാം ഭയഭക്തിയോടെ കാണുകയോ പങ്കുചേരുകയോ മാത്രം പോരാ, നാം അനുഭവിക്കണം. ക്രൂശ് മരണത്തിലൂടെ നമ്മിലേക്ക് ഒഴുകിയെത്തുന്നത് കർത്താവിന്റെ തിരുരക്തമാണ്. ക്രൂശിലൂടെയാണ് രക്ഷയുടെ പൂർത്തീകരണം ദർശിക്കുവാൻ നമുക്ക് സാധിക്കുന്നത്. 'അടിപ്പിണരാലുള്ള സൗഖ്യം' നമ്മുടെ അവകാശമാകുന്നത് ഈ ദൈവീക അത്ഭുത സന്നിധിയിലാണ്. ഈ കുരിശിന്റെ ചുവട്ടിലിരുന്ന് സൗഖ്യം പ്രാപിച്ച് സമൂലമായി നമുക്ക് പ്രകാശിതരാകാം.

**ദൈവസ്നേഹത്തിന്റെ പ്രകടനം**

യേശുവിൽ വിശ്വസിക്കുന്ന ഏതൊരാളും നീതീകരിക്കപ്പെടേണ്ടതിന്, മനുഷ്യവർഗത്തിന്റെ പാപങ്ങൾക്കുള്ള വില നൽകാൻ നീതിമാനായ ദൈവം തന്റെ സ്വന്തം പുത്രനായ ക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചു. പാപത്തിന്റെ ഗുരുത്വത്തെയും ദൈവത്തിന്റെ മഹത്വത്തെയും കുറിച്ചുള്ള സമതുലിതമായ ധാരണയാണ് കുരിശിന്റെ അടിസ്ഥാന പശ്ചാത്തലം. കുരിശിൽ, ദൈവം തന്റെ വിശുദ്ധ സ്നേഹം പ്രകടിപ്പിക്കുകയും, അതേ സമയം തിന്മയെ അതിജീവിക്കുകയും, അതുവഴി നമുക്ക് പിന്തുടരാൻ ഒരു മാതൃക നൽകുകയും ചെയ്തു. ത്യാഗം, പ്രായശ്ചിത്തം, നീതീകരണം, വീണ്ടെടുപ്പ്, അനുരഞ്ജനം എന്നിവ രക്ഷയെക്കുറിച്ചുള്ള നമ്മുടെ ധാരണയുടെ പല വശങ്ങൾ അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ കുരിശ് ദൈവവും മനുഷ്യരും തമ്മിലുള്ള അനുരഞ്ജനത്തിന് കാരണമായി.

**പെസഹയും കാലുകഴുകലും**

യേശുക്രിസ്തുവിന്റെ ജീവിതത്തിനും പ്രവർത്തനത്തിനും മഹത്തായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് വിശുദ്ധ ആഴ്ചയിൽ പെസഹാ വ്യാഴം ആചരിക്കപ്പെടുന്നു. യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിന്റെയും, തിരുവത്താഴം (കുർബാന) സ്ഥാപിച്ചതിന്റെയും, പരസ്പരം സ്നേഹിക്കാനുള്ള പുതിയ കൽപ്പന നൽകിയതിന്റെയും ഓർമ്മപ്പെടുത്തലാണത് (യോഹന്നാൻ 13:34). തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിലൂടെ, പരസ്പരം സേവിക്കാൻ യേശു നമ്മെ പഠിപ്പിക്കുന്നു.

മറ്റുള്ളവർക്ക് വേണ്ടി ത്യാഗപൂർണമായ ഒരു ജീവിതത്തിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ പീഡാസഹനം ഓർക്കുന്ന ഈ കാലഘട്ടത്തിൽ, നമ്മിലെ ധനിക ഭാവങ്ങൾ ദൈവസന്നിധിയിൽ വിലയിരുത്തപ്പെടണം. ആഡംബര ഭക്തി വിട്ടൊഴിഞ്ഞു നിസ്സഹായർക്ക് അനുകമ്പയായി നമുക്കു വർത്തിക്കാം.

**ഭയം മാറി ധൈര്യമായി**

ആദ്യത്തെ ഈസ്റ്റർ ഞായറാഴ്ച, ഒരു ചെറിയ കൂട്ടം ആളുകൾ അടയ്ക്കപ്പെട്ട വാതിലിനു പിന്നിൽ കണ്ടുമുട്ടി. ക്രിസ്തുവിനെ ക്രൂശിച്ചതുമുതൽ അവർ എല്ലാവർക്കും ഭയമായിരുന്നു. അവർ അന്ധാളിച്ചും, സ്തംഭിച്ചും, പരിഭ്രാന്തരായി, നിശ്ശബ്ദരായി ഒളിച്ച് ഇരുന്നു. ദൈവത്തോട് പ്രാർത്ഥിക്കാൻ കഴിയാതെ അവർ തളർന്നിരുന്നു. ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു അടച്ചിട്ട മുറിയിൽ പ്രവേശിച്ച് അവർക്കിടയിൽ നിന്നുകൊണ്ട് പറഞ്ഞു: **'നിങ്ങൾക്ക് സമാധാനം!'** തന്റെ കൈകളും വശങ്ങളും അവർക്ക് കാണിച്ചുകൊടുത്തു (യോഹന്നാൻ 20:19). ശിഷ്യന്മാർ അത്യധികം ആഹ്ലാദഭരിതരായി, അതിമാനുഷ ആത്മവിശ്വാസത്താൽ അവർ കർത്താവിനായി ജ്വലിച്ചു പ്രകാശിച്ചു.

**പത്രോസും തോമസും നമ്മളും**

ആ യേശുവുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് ഒരു വേലക്കാരിയായ സ്ത്രീയോട് ഏറ്റുപറഞ്ഞ പത്രോസ്, ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പെന്തക്കോസ്ത് നാളിൽ ശക്തമായ ഒരു പ്രസംഗം നടത്തി. ആദ്യ ദിവസം തന്നെ ആദിമ സഭയിൽ ചേർന്ന 3000 പേരുടെ രൂപാന്തരത്തിന് ഇത് കാരണമായി. ആദ്യത്തെ ഈസ്റ്റർ ഞായറാഴ്ച, ശിഷ്യനായ തോമസ് തന്റെ സഹപ്രവർത്തകരുമായി ഒരു കൂട്ടുകെട്ടും സഹിക്കാനാകാതെ, സ്വന്തം സങ്കടത്തിൽ ഒറ്റയ്ക്ക് അലഞ്ഞുനടന്നു. ഒരാഴ്ചയ്ക്ക് ശേഷം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടുമുട്ടിയപ്പോൾ, **'എന്റെ കർത്താവും ദൈവവുമായുള്ളോവേ'** എന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. നിസ്സംശയമായും, നിരുപാധികമായും, തോമസ് തൽക്ഷണം കർത്താവിനെ എറ്റുപറഞ്ഞ് സ്വീകരിച്ചു. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഏറ്റുപറച്ചിലുകളിലും ഇത് ഏറ്റവും ഉയർന്നതാണ്. നമ്മൾ ഓരോരുത്തരും അങ്ങനെയൊരു തീരുമാനമെടുത്തിട്ടുണ്ടോ എന്ന് നമുക്ക് ആത്മപരിശോധന നടത്താം. യേശുക്രിസ്തു നമ്മുടെ വ്യക്തിപരമായ കർത്താവും രക്ഷകനുമാണെന്ന് അനുഭവിച്ചറിഞ്ഞ് നമുക്ക് ഉറപ്പാക്കാം.



# സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്ന ദൈവം

**ജെ. ദാനാബായ്**

“ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വർക്കു തന്നെ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു” റോമർ 8:28)

20-06-1960 ൽ ഞാൻ പാലക്കാട് ജുഡീഷ്യൽ സെക്കന്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ Typist-cum-Clerk ആയി ജോലിയിൽ ചേർന്നു. ഓഫീസിൽ എനിക്ക് തന്ന സീറ്റിൽ ഇരുന്നവരെല്ലാം മജിസ്ട്രേറ്റ് ആയി പോയി എന്നും അടുത്ത മജിസ്ട്രേറ്റ് വന്നിരിക്കുന്നു എന്നും പറഞ്ഞ് സഹ പ്രവർത്തകരെല്ലാം എന്നെ കളിയാക്കി.

നാട്ടിലേക്ക് സ്ഥലം മാറ്റത്തിനായി പല പ്രാവശ്യവും അപേക്ഷിച്ചിട്ടും കിട്ടാതായപ്പോൾ ലാന്റ് ട്രിബ്യൂണൽ കോടതികളിലേക്ക് ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് ബഞ്ച് ക്ലർക്ക് ആയി പോകാൻ വില്ലിംഗ് ആയ ലോവർ കോർട്ട് സ്റ്റാഫിന്റെ ലിസ്റ്റ് ഹൈക്കോർട്ടിൽ നിന്ന് വിളിച്ചപ്പോൾ ഞാനും അപേക്ഷിച്ചു. അങ്ങനെ എനിക്ക് തിരുവനന്തപുരം ലാന്റ് ട്രിബ്യൂണലിൽ ബഞ്ച് ക്ലർക്ക് ആയി സ്ഥലം മാറ്റം കിട്ടി. അവിടെ ഞാൻ 07-11-64-ൽ ജോയിൻ ചെയ്തു. ഏകാന്തമായ ഒരു സ്ഥലത്ത് പൊക്കത്തിലുള്ള ചുറ്റു മതിലുകൾക്ക് അകത്തായിരുന്നു ആ ഓഫീസ്. അവിടെ എന്തുനടന്നാലും പുറത്തുള്ളവർക്ക് അറിയാൻ സാധിക്കില്ല. ഞാൻ ജോയിൻ ചെയ്തു 1-2 ആഴ്ചകൾ കഴിഞ്ഞപ്പോൾ തുടങ്ങി എനിക്ക് ഹോളിഡെ ഡ്യൂട്ടി ഇട്ട് തുടങ്ങി. ആദ്യകാലങ്ങളിൽ, ഞാൻ അന്ന് താമസിച്ചിരുന്ന എൽ.എം.എസ്. ലേഡീസ് ഹോസ്റ്റലിൽ നിന്ന് ആരെയെങ്കിലും കൂട്ടിന് കൂട്ടിപോകുമായിരുന്നു. തുടർന്ന് എല്ലാ ഹോളിഡെയ്സിനും ഡ്യൂട്ടിക്ക് ഇട്ടു തുടങ്ങിയപ്പോൾ, കൂട്ടിനുവരാൻ കുട്ടികളെ കിട്ടാതായി. ഒറ്റക്കു ഓഫീസിൽ പോയി ജോലി ചെയ്യാൻ ഭയമായി. ആ അവസ്ഥയിൽ നിന്നു ഒരു വിടുതൽ തരണമെന്നു കർത്താവിനോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. ഞാൻ ഈ കാര്യം ഓർത്ത് വല്ലാതെ അസ്വസ്തതയായിരുന്ന ഒരു ദിവസം ബാംഗ്ലൂരിൽ നിന്ന് ആക്കാലത്ത് ഇറങ്ങിയിരുന്ന “Salvation Steward” എന്ന മാഗസിൻ എന്റെ പേരിൽ പോസ്റ്റിൽ വന്നു. അന്നുവരെ ആ മാഗസിൻ എനിക്ക്

കിട്ടിയിരുന്നില്ല. അതു തുറന്നു വായിച്ചപ്പോൾ ആദ്യം കിട്ടിയ ആർട്ടിക്കിളിന്റെ ഹെഡിംഗ് ഇങ്ങനെ ആയിരുന്നു. "......." (എന്റെ മകളെ, ഈ കാര്യം എന്താകുമെന്നു അറിയുവോളം നീ അനങ്ങാതിരിക" രൂത്ത്. 3:19. എന്റെ പ്രാർത്ഥനക്കുള്ള ദൈവത്തിന്റെ മറുപടിയാണിതെന്നു എനിക്കു മനസ്സിലായി.

എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട് ആ മാസം അവസാനമായപ്പോൾ, ഞാൻ ജോലിചെയ്തിരുന്ന ലാന്റ് ടിബ്യൂണൽ കോടതിയിൽ കേസുകൾ കുറവായിരുന്നതിനാൽ, അവിടത്തെ കേസ് റെക്കോർഡ് എല്ലാം വേറൊരു ലാന്റ് ട്രിബ്യൂണൽ കോടതിയിലേക്ക് ആ മാസം 31-ന് തന്നെ ഹാന്റ് ഓവർ ചെയ്യണമെന്നും അവിടെ ജോലി ചെയ്തിരുന്ന സ്റ്റാഫ് എല്ലാം അവരവർ വന്ന ഡിപ്പാർട്ട്മെന്റിലേക്ക് തിരികെ പോയി ജോയിൻ ചെയ്യണമെന്നും പറഞ്ഞ് ഹൈക്കോർട്ടിന്റെ ഓർഡർ വന്നു. ഓർഡർ കിട്ടിയ ഉടനെ സർവ്വശക്തനായ നമ്മുടെ ദൈവത്തിന് ഞാൻ ഒരുപാട് നന്ദി പറഞ്ഞു. ഹൈക്കോർട്ട് ഓർഡർ പ്രകാരം എന്നെ 31-07-1965-ൽ അവിടെ നിന്ന് റിലീവ് ചെയ്തു.

*ആവ.32:10 "താൻ അവനെ മരുഭൂമിയിലും ഓളി കേൾക്കുന്ന ശൂന്യ പ്രദേശത്തിലും കണ്ടു. അവനെ ചുറ്റി പരിപാലിച്ചു. കൺമണിപോലെ അവനെ സൂക്ഷിച്ചു". 1 ദിനവൃത്താന്തം 16:21 "ആരും അവരെ പീഡിപ്പിപ്പാൻ അവൻ സമ്മതിച്ചില്ല. സങ്കീ. 105:14 "അവരെ പീഡിപ്പിക്കാൻ അവൻ ആരേയും സമ്മതിച്ചില്ല". 2 ദിനവൃത്താന്തം 16:9 "യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാൻ എന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു"*

**ഞാൻ തിരികെ പാലക്കാട് കോടതിയിൽ ജോയിൻ ചെയ്യാതെ സ്റ്റഡി ലീവ് എടുത്ത്, എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ മുൻ നിർണ്ണയ പ്രകാരം, എനിക്ക് ഇഷ്ടമില്ലാതിരുന്ന വിഷയമായ നിയമ പഠനത്തിന് തിരുവനന്തപുരം ഗവണ്മെന്റ് ലോ കോളേജിൽ ചേർന്നു. ഇന്നു തിരിഞ്ഞു നോക്കുമ്പോൾ, മറ്റു ജോലികളെക്കാൾ എല്ലാം എനിക്ക് ഏറ്റവും നന്നായി ചെയ്യാൻ സാധിച്ച ജോലിയിലേക്കാണ് അതുമുഖേന ദൈവം എന്നെ നയിച്ചതെന്ന് എനിക്കു മനസ്സി ലാകുന്നു.**

**സങ്കീ. 25:12 "യഹോവ ഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവന്നു കാണിച്ചു കൊടുക്കും"**

28-04-66 ൽ, **എഫ്.എൽ** പഠനം കഴിഞ്ഞപ്പോൾ, എന്നെ പൊന്നാനി സബ്-മജിസ്ട്രേറ്റ് കോർട്ടിൽ ഹെഡ്ക്ലർക്ക് ആയി പോസ്റ്റ് ചെയ്തു. അവിടെ ജോലി ചെയ്യവെ അവധിയെടുത്ത് **ബി.എൽ.** പഠനം പൂർത്തിയാക്കി പരീക്ഷ വിജയിച്ച് ഡിഗ്രി കരസ്ഥമാക്കാൻ ദൈവം എന്നെ സഹായിച്ചു.

1969 ഡിസംബർ ഒന്നാം തീയതിക്ക് എന്നെ റിവേർട്ട് ചെയ്തിട്ട് എന്നെക്കാൾ പ്രായമുള്ള എസ്.എസ്.എൽ.സി. കാരനായ പൊന്നാനി സ്വദേശിയായ ഒരാളെ അവിടെ ഹെഡ്ക്ലർക്കായി പോസ്റ്റ് ചെയ്തു. ഇതിന്റെ പേരിൽ അയാളും ഞങ്ങളുടെ ഓഫീസിൽ തന്നെ ജോലി ചെയ്തിരുന്ന അയാളുടെ കൂട്ടുകാരനും കൂടെ എന്നെ കളിയാക്കി തുടങ്ങി. കളിയാക്കൽ പരിധിവിട്ടപ്പോൾ, 6-12-69-ൽ ഞാൻ പറഞ്ഞു "ഇന്നും കൂടേ ഞാനീ ഓഫീസിൽ വർക്ക് ചെയ്യൂ. നാളെ മുതൽ ഞാനീ ഓഫീസിൽ ജോലി ചെയ്യില്ല". "എവിടെയാണാവോ ജോലിക്കു പോകുന്നത്" എന്നു പറഞ്ഞ് എന്നെ അവർ കൂടുതൽ കളിയാക്കി". ഞാൻ എവിടെയാണ് ജോലി ചെയ്യുന്നതെന്ന കാര്യം എന്റെ ദൈവം നോക്കി കൊള്ളും" എന്ന് ഞാൻ മറുപടി പറഞ്ഞു. ഉച്ചക്ക് പോസ്റ്റ് വന്നപ്പോൾ എന്നെ പാലക്കാട് അഡീ.ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ ഹെഡ്ക്ലർക്ക് ആയി പോസ്റ്റ് ചെയ്ത ഓർഡർ കിട്ടി. അന്നു തന്നെ എന്നെ അവിടെ നിന്ന് റിലീവ് ചെയ്യണമെന്നു ഡയറക്ഷനും ഉണ്ടായിരുന്നു. "ഇപ്പോൾ മനസ്സിലായോ എന്റെ ദൈവം ആരാണെന്ന്" എന്നു ഞാൻ ചോദിച്ചു. അതിന് അവിടെ ജോലി ചെയ്തിരുന്ന കോപ്പിസ്റ്റ് ആയ ഒരു മുസ്ലീം സഹോദരൻ പറഞ്ഞു : **"നിങ്ങളുടെ ദൈവം വിളിച്ചാൽ ഉടൻ വിളികേൾക്കുന്ന ദൈവമാണെന്നു ഞങ്ങൾക്കു മനസ്സിലായി". എന്നെ അന്നുതന്നെ അവിടെ നിന്നു റിലീവ് ചെയ്തു. ജോയിനിംഗ് ടൈം കഴിഞ്ഞ് ഞാൻ 9-12-69-നു പാലക്കാട് അഡീ. ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ ഹെഡ് ക്ലർക്ക് ആയി ജോയിൻ ചെയ്തു.** *സങ്കീ. 34:4 "ഞാൻ യഹോവയോട് അപേക്ഷിച്ചു. അവൻ എനിക്ക് ഉത്തരം അരുളി. എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല". സങ്കീ. 18:6 "എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു എന്റെ ദൈവത്തോട് നിലവിളിച്ചു. അവൻ തന്റെ മന്ദിരത്തിൽ നിന്നും എന്റെ അപേക്ഷ കേട്ടു. തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി".*

# *Women's Fellowship Dedication Service*







*Do I get upset with my friends when they are indifferent towards my aches and sorrows?*
*When Jesus was sweating blood in the Garden of Gethsemane, His closest disciples went off to sleep. Even after repeated requests they failed to share with Him in His soul agony. But He did not get angry with them. He simply exhorted them to be watchful in prayer and said, 'Rise, let us be going' (Mt. 26:36-46)*

## Women's Day Song



## Women's Fellowship Fancy Sale



Do I forget the needs and pains of others because of self-sympathy? Jesus told the women who mourned him, 'Do not weep for Me, but weep for yourselves and your children on whom more difficult days were coming'' (Lk. 23:27-29).

In spite of His intense physical suffering, He ministered to the spiritual need of a robber who was crucified with Him (Lk. 23:39-43).

He also provided a caretaker son in His place for His mother (Jn. 19:25-27)




## *6th Death Anniversary*



*In Ever loving memory of*

**Mr. M. Vijayan**

Rtd. Internal Financial Adviser
ISRO, Bangalore

Family No. 633

**who was called to Eternal Glory on 7th March - 2017**

***Inserted by Wife, Children and Grand children***

# 8th Anniversary in Heaven



**JAYADAS J.T.**

(14-01-1947 - 06-07-2015)

(Rtd. Deputy Director, Local Fund Audit)



**VINOD J.C.**

(18-08-1978 - 08-04-2015)

Hardware Systems Engineer,
In DSP Audio Technologies, Bangalore

Inserted by :

Mrs. **S.R. Chandrika** (Rtd. Deputy Inspector General of Registration, Kerala)
Son : **Binoj J.C.**(Project Consultant)
Daughter in law : **Dr. Jincy Binoj**

# "RELY NOT ON OURSELVES BUT ON GOD"

**2 Corinthians 1:9**

**Dr. Cinthya Vinu**



Sunday School classes in our church are a boon to all our little ones. I was also blessed to attend the Sunday School as a child.

Wisdom handed down by my Sunday School teachers help me today as I go forward in my life.

It is with great joy and pride that I say that I am Sarasam Sir's Sunday School student. **Sir told us once that the Bible is a 'love letter'. It is a love letter from God to man.** He used to insist that each one of us students should carry the Holy Bible. If we forgot he would say: "Madam, where is your Bible?" in his characteristic style.

I did not understand why he wanted us to carry the Holy Bible every Sunday. As life took me through the pandemic of Covid, I was able to see why Sir wanted us to carry the Bible. **It is rightly said that 'if you carry the Bible, the Bible will carry you when you falter'.**

My husband Dr. Vinu Jacob S is a physician; so when we all stayed indoors keeping Covid away, he went out into the world to do his duty. Every day morning as he left for duty, I would sit with the Bible praying for his safety. I was so scared but reading the Bible gave me strength to go on. The Lord spoke to me through the Bible verses and I was at peace. **Those hours spent with the Bible in my hand, looking to the Lord in prayer strengthened me greatly and I realized that my Almighty Father is always with me.**

It was in November 2020, my husband came down with fever. No diagnosis could be made. Blood tests came back positive for multiple injections but the fever responded to no drugs. My heavenly Father strengthered me through the Bible as the fever continued for 5 weeks.

**God spoke to me through His 'love letter' telling me 'I will sustain him in his sick bed' (Psalms 41:3).**

I held on to this verse and on I$^{st}$ January 2021, the fever left him. We don't know the diagnosis to this day, but I know that my Lord carried us through the turmoil and shielded us under His wings.

Holding on to our Lord is the only thing I believe that will keep us sane in this world full of chaos and unexpected, unprecedented happenings. No matter what, He will carry us through. Pray to God for giving us wisdom to always seek His guidance. He is our creator, mighty God. Nothing is impossible for Him. When He says something will be done: it will be done; even though our logical critical mind cannot see a human way. But when He utters a Word, nothing will stand.

***"Those who trust in the Lord are like Mount Zion which cannot be moved but abides for ever"* Psalms 125:1**

---

## THE GRAND CHORALE 08-04-2023

### at Nagercoil Home Church on Holy Saturday

The above choral ensemble is a combination of major choirs functioning in South India. Under the auspices of The Grand Chorale a Grand concert is being arranged as Holy Meditation in songs on Holy Saturday at Nagercoil Home Church, organised by Prof. Winstone Somervell.

**Glad to inform that M.M. Church Choir is also invited to participate in this grand event. This Grand Concert at Nagercoil on Holy Saturday is conducted by Mr. S.P. Thomas and organ accompaniment is played by Dr. Anjana John. Both are our M.M. Church Choir Members.**

**S.P. Thomas (President)**
Trivandrum Unit of The Grand Chorale

# "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ"



**S.R. Chandrika Jayadas**


നാഥാ! ഞങ്ങൾ വരുന്നു - തിരു
സന്നിധെ ഞങ്ങൾ വരുന്നു (2)
അവിടുന്നു നൽകിയ നന്മകൾ ഓർത്തെന്നും
നന്ദിയുമായി വരുന്നു - എന്നും
നന്ദിയുമായി വരുന്നു. (അവിടുന്നു...)
ഹാ......ലേലുയാ........ഹാ..........ലേലുയാ.......... (2)

ആരാധനകൾക്കു യോഗ്യനാം ക്രിസ്തു
ഞങ്ങൾക്കു നാഥനായുണ്ട് (2)
സ്തുതികൾക്കു മീതെ വസിക്കുന്ന ദൈവമേ
സ്തുതികളുമായി വരുന്നു - ഞങ്ങൾ
സ്തുതികളുമായി വരുന്നു. (സ്തുതികൾക്കു.......)
ഹാ......ലേലുയാ........ഹാ..........ലേലുയാ.......... (2)

ദുഃഖങ്ങൾക്കപ്പുറം സന്തോഷം നൽകുവാൻ
നീതിമാനാം ദൈവം കൂടെയുണ്ട് (2)
നായകനായിന്നും നമ്മെ നയിച്ചിടാൻ
രക്ഷിക്കും വീരനായ് യേശുവുണ്ട് - പടകിൽ
രക്ഷിക്കും വീരനായ് യേശുവുണ്ട് (നായകനാ.....)
ഹാ......ലേലുയാ........ഹാ..........ലേലുയാ.......... (2)

മലമേലിരിക്കുന്ന പട്ടണമായെന്നും
എം.എം.സഭ നിലനില്ക്കും. സ്തോത്രം (2)
ദൈവിക വിശുദ്ധിയെ കാത്തുസൂക്ഷിച്ചു നാം
മുന്നേറിടാം നമുക്കൊന്നായ് - നാം
മുന്നേറിടാം ഐക്യമായി. (ദൈവിക.....)
ഹാ......ലേലുയാ........ഹാ..........ലേലുയാ.......... (2)

# CROSSWORD PUZZLE 1




## Across

5. Last king of an united Isreal (in the Bible)
6. Adore
10. Pharaoh gifted this to Joseph
11. Ordered (Mark 6:8)
13. Goliath was much ......... than David
14. David was one of those (1 Sam 17:38)
15. The heavens will be like (Jer 4:28)
17. Canyon sound effect
18. Unit of power
19. Tales handed down
20. Like the chariots in Judges 4:3
22. Green in the desert

## Down

1. David was a ... Since he defeated Goliath
2. Body part
3. Abodes mentioned in Gen. 13:5
4. Indian State
7. Fruit, colour
8. Firearm
9. Lock stock and .........
12. One of the unwanted quality in Rom. 1:29
16. Skipper of a ship
21. Bovine

Compiled by : **Premchand Johnson**

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge.

# സത്യവിശ്വാസികൾക്കെതിരെ കൊട്ടി അടക്കപ്പെട്ട വാതിലുകൾ ഉപയോഗപ്രദമോ?



**സേം ഏനോക്ക്**

സന്ദർഭങ്ങളുടെയും പ്രവേശനങ്ങളുടെയും ചിത്രീകരണങ്ങളാകാൻ കഴിയുന്നതായിരിക്കണം തുറന്ന വാതിലുകൾ.

(2 ദിനവൃത്താന്തം 29 : 3) "അവൻ തന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിൽ യഹോവയുടെ ആലയത്തിന്റെ വാതിലുകൾ തുറന്ന് അറ്റകുറ്റം തീർത്തു"

വേദപുസ്തകത്തിലങ്ങോളമിങ്ങോളം ബൃഹത്തായ നവീകരണം/കുറവുകൾ തീർത്ത് പരിഹരിക്കൽ / മാറ്റം ഇവകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുമൂലം വലിയൊരളവ് വിശ്വാസികളിലും സഭകളിലും ഉണർവ്വുള്ളതാക്കി തീർക്കാനും നേതൃത്വത്തിന്റെ കഴിവ് പ്രയോജനപ്പെട്ടിട്ടുമുണ്ട്. നേതൃത്വം ഭയരഹിതമായി ദൃഢതയോടുകൂടിയ നിലപാട് എടുത്ത് നടപ്പിലാക്കിയതും വേദപുസ്തകം തുറന്നു കാട്ടുന്നു. അത് പാപപങ്കിലനംമൂലം ജീർണ്ണാവസ്ഥയിലായിരുന്ന ജനത്തിന് പാപ പ്രക്രിയകളിൽ നിന്നും മോചിതരാകാൻ പ്രയോജനപ്പെട്ടതായും കാണാം.

വേദപുസ്തക സംഭവപരമ്പരകളുടെ അടിസ്ഥാനത്തിൽ ബി.സി. 720-640 കാലയളവിലാണ് ഹിസ്കിയാവ് ഭരണം നടത്തിയത്.

വാതിലുകൾ തുറന്ന് അറ്റകുറ്റപ്പണികൾ തീർത്തു. പഴയനിയമ കാലഘട്ടത്തിൽ ദൈവവുമായി നേരിട്ട് നിരന്തരം ബന്ധപ്പെടലിനും കൂട്ടായ്മക്കുമാണ് വാതിലുകളുടെ പ്രവർത്തനം ക്രമപ്പെടുത്തിയത്.

ഞാൻ നിന്റെ പ്രവർത്തി അറിയുന്നു. ഇതാ ഞാൻ ഒരു വാതിൽ നിന്റെ മുമ്പിൽ തുറന്നു വച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാ... (വെളി. 3 : 8). വർത്തമാനകാലത്തും ബഹുജന പങ്കാളിത്തത്തിന് തടസ്സപ്പെടുത്തുന്ന അതിർവരമ്പുകൾ വേലിക്കെട്ടുകൾ ആരാധന ആലയങ്ങൾക്കകത്തും പുറത്തും കണ്ടു വരുന്നത മാറ്റി ദൈവവുമായിട്ടുള്ള

കൂടിച്ചേരലുകൾക്കാകുമോ വാതിൽ. (പ്രവൃത്തി 5 :18–20) വിടുതലിന്റെ സാക്ഷ്യ പ്രഘോഷത്തിനുവേണ്ടിയുള്ളതാണ് തുറന്നവാതിലുകൾ. കാരാഗ്രഹത്തിലടക്കപ്പെട്ടിരുന്ന അപ്പോസ്തലന്മാരെ മോചിപ്പിച്ചു കൊണ്ടു വന്ന ദൈവദൂതൻ പറഞ്ഞു : "ഈ ജീവന്റെ വചനം സാക്ഷ്യത്തോടുകൂടി ജനങ്ങളെ അറിയിപ്പിൻ.'

അന്ധകാരത്തിലടിമത്തത്തിലായിരുന്ന നമ്മെ 1800 കളിൽ അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ സുവിശേഷം സാക്ഷ്യത്തോടെ സ്വാതന്ത്ര്യത്തോടെ പ്രഘോഷിപ്പിക്കേണ്ടതിലേക്കായി വാതിലുകൾ തുറക്കാമോ?

സുവിശേഷ ഘോഷണം പച്ചപരവതാനിയിൽ കൂടെയുള്ള യാത്ര അല്ല മറിച്ച് മുള്ളും പറക്കാരയും നിറഞ്ഞ പാതയിൽ വേദനയുടെയും കഷ്ടപ്പാടിന്റെയും ദണ്ഡനങ്ങളുടെയും അനുഭവം ഉള്ളതാണെന്ന സത്യം പൗലോസിന്റെ ജീവിതം (പ്രവൃത്തി 14 : 1–7 ൽ ഓർമിപ്പിക്കുന്നു.

സാക്ഷ്യ പ്രഘോഷണത്തിന്റെ അനുഭവം ഉള്ളതായിരിക്കണം തുറന്ന വാതിലുകൾ.

എനിക്ക് വലിയതും സഫലവുമായൊരു വാതിൽ തുറന്നിരിക്കുന്നു. എതിരാളികളും ഉണ്ട്. (1 കൊരി. 16 : 9) നമ്മുടെതു സേവനം ('ഊഴിയം') പ്രതിഫലേച്ഛയില്ലാത്തതാണെന്ന് ജനം ബോദ്ധ്യപ്പെടുന്നുണ്ടോ? നന്മ ചെയ്തുകൊണ്ട് തിന്മയെ ജയിക്കത്തക്കതായിട്ടുണ്ടോ? പൊതുജന മദ്ധ്യത്തിൽ നമ്മുടെ പ്രവർത്തിഫലം എതിരാളികളുടെ നാവടപ്പിക്കാൻ കഴിയുന്നുണ്ടോ? നമ്മുടെ സേവനം ഇതരർക്ക് ഉപയോഗപ്രദമായ വാതിലുകളാകുന്നുണ്ടോ?

"ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു" (വെളിപ്പാട് 3:20)

അരുമനാഥന്റെ ശബ്ദം സമർപ്പണത്തോടുകൂടിയ വാതിലിൽ കൂടെ ഇതരരുടെ അടുക്കൽ എത്തിക്കണമെന്ന രീതി ഉൾക്കൊള്ളുവാൻ കഴിയുന്നുണ്ടോ? വ്യക്തികളിലും കുടുംബങ്ങളിലും സഭകളിലും വാതിലുകൾ വിശാലമായി തുറക്കേണ്ടതുണ്ടെന്നത് കാലഘട്ടത്തിന്റെ അനിവാര്യത ചൂണ്ടിക്കാണിക്കുന്നു. അതിൽകൂടെ മാത്രമെ ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോന്റെ ജ്ഞാനോപദേശം വിളമ്പുന്ന പാത്രമായി സഭകൾ മാറ്റപ്പെടുകയുള്ളൂ.

നീതിയുടെ വാതിലുകൾ എനിക്ക് തുറന്നു തരുവിൻ. സഭയുടെ തുറന്ന വാതിലുകൾ: ജ്ഞാനവും പ്രബോധനവും പ്രാപിപ്പാനും വിവേ

കങ്ങളെ ഗ്രഹിപ്പാനും; പരിജ്ഞാനം, നീതിന്യായം നേർ എന്നിവയ്ക്കായി പ്രബോധനം ലഭിപ്പാനും, അല്പബുദ്ധികൾക്കു സൂക്ഷമബുദ്ധിയും ബാലന് പരിജ്ഞാനവും, വകതിരിവും നൽകുവാനും ജ്ഞാനി കേട്ടിട്ട് വിദ്യാഭിവൃത്തി പ്രാപിപ്പാനും ബുദ്ധിമാൻ സദുപദേശം സമ്പാദിപ്പാനും ഉതകുന്നതായിരിക്കണം സഭയുടെ തുറന്ന വാതിലുകളിൽ കൂടെ അകത്ത് പ്രവേശിക്കുന്നവർക്ക് ലഭ്യമാക്കേണ്ടതെന്നാണ് ശലോമോന്റെ ദൂത്.

ദൈവജനം ദൈവസന്നിധിയിൽ നേരിട്ട് വരാനായിട്ടാണല്ലോ ക്രിസ്തുവിന്റെ ക്രൂശീകരണത്തോടെ അന്നത്തെ ഏക ദൈവാലയമായ യെറൂശലേം ആലയത്തിൽ തിരശ്ശീല കീറപ്പെട്ടത്.

ആചാരാധിഷ്ഠിതമായ കർമ്മങ്ങൾക്കായി അടയ്ക്കപ്പെട്ട വാതിലുകളും സത്യദൈവവിശ്വാസികൾക്കായി തുറക്കപ്പെടേണ്ടതായിട്ടുണ്ട്.

സത്യവിശ്വാസികളുടെ സൈ്വരജീവിതം തടസ്സപ്പെടുത്താനായി പൈശാചിക പ്രേരണയാൽ നിർബന്ധപൂർവ്വം അടച്ചിട്ടിരിക്കുന്ന വാതിലുകളെ നിയമവിധേയമായി തുറപ്പിക്കാൻ കൂട്ടായ് ശ്രമിക്കാം.

അടച്ചിട്ടിരിക്കുന്ന ഹൃത്തിടങ്ങൾ തുറന്ന്, നമ്മുടെ പാർശ്വങ്ങളിലൂടെ കടന്ന് പോകുന്നവർക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്ന തുറക്കപ്പെട്ട വാതിലുകളായി വരുന്ന നാളുകളിലായിരിക്കാം.

*Some Churches are just hospitals;*
*the Pastor's sermon week after week is only of comfort*
*(Jer 6:14). Some other Churches are creches;*
*the members are perpetual infants (Heb 5:12-14).*
*Still some others are battlefields; there are constant infightings*
*(1 Cor. 3:3). Several others are old people homes;*
*traditions are worshipped there (Mt. 15:6-9; 1 Pet 1:17-19).*
*But there's another type of Churches*
*which are military bases where saints are trained and*
*sent forth as soldiers to fight the devil and free his captives*
*(Eph. 6:10-19).*
*Which Church do you belong to?*



**A. Livingstone**

# UP FROM THE GRAVE HE AROSE
## ചാവിൽ നിന്നുയിർത്തേശു

Words: Robert Lowry & Music : 1826-1899

യേശു കല്ലറയ്ക്കുൾ അടക്കപ്പെട്ടു
മഹത്വനാളിനായ്, പാർത്തിരിക്കെ

*Cho:* ചാവിൽ നിന്നുയിർത്തേശു
ശത്രുമേൽ വൻജയാഘോഷമായ്
പാതാളശക്തിമേൽ ജയാളിയായ്
ശുദ്ധരൊത്തു നിത്യം കർത്തൻ വാഴുന്നു.
ഉയിർത്തു, ഉയിർത്തു
ക്രിസ്തുയിർത്തല്ലേലൂയാ.

2. കാവൽ കാത്തു വൃഥാ, എൻ രക്ഷകനെ
മുദ്ര വെച്ചു വൃഥാ, എൻ കർത്തനെ–

3. മൃത്യുവെ ജയിച്ചു, യേശുരക്ഷകൻ
ബന്ധനങ്ങൾ നീക്കി, യേശുകർത്തൻ–

4. പുനരുത്ഥാനവും ജീവനും യേശു
നിത്യജീവൻ നൽകും ജീവകർത്തൻ –

അമേരിക്കയിലെ ഫിലാഡൽഫിയയിൽ 1826 മാർച്ച് 12ന് റോബർട്ട് ലൗറി ജനിച്ചു. സമർത്ഥനായ ഒരു വിദ്യാർത്ഥിയായ ലൗറി ഉന്നത ബഹുമതികളോടെ ഡിഗ്രിയെടുത്തു. പിന്നീട് ഒരു പ്രൊഫസറായി ബക്നൽ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ച് ഡോക്ടറേറ്റ് ഡിഗ്രി യെടുത്തു.

തന്റെ 17–ാം വയസ്സിൽ തന്നെ യേശുവിനെ സ്വന്തം രക്ഷിതാവായി കൈക്കൊണ്ട് മാനസാന്തരാനുഭവത്തിലായിരുന്നു. അമേരിക്കയിലെ ആദ്യകാല കരുത്തനായ സുവിശേഷകനായും ഉൾക്കാഴ്ചയുള്ള ഒരു ശുശ്രൂഷകനായും അറിയപ്പെട്ട ലൗറി ഒരു വേദപുസ്തക പണ്ഡിത നുമായിരുന്നു. പ്രസംഗപാടവമുള്ള ഒരു നല്ല വാഗ്മിയും

ആകർഷകനായ പ്രാസംഗികനും മാത്രമല്ല ഗാനങ്ങളെക്കുറിച്ചുള്ള അറിവും, സംഗീതവും അദ്ദേഹത്തിന്റെ പ്രധാന പഠന വിഷയങ്ങളുമായിരുന്നു. അനേകം ഗാനങ്ങൾ രചിച്ചിട്ടുള്ള ലൗറിയുടെ പ്രധാന ലക്ഷ്യം സുവിശേഷഘോഷണമായിരുന്നു.

1874–ൽ ഈസ്റ്ററിന് (ലൂക്കോ. 24:6–8) ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വാക്യം അടിസ്ഥാനമാക്കി ഒരു പ്രസംഗം തയ്യാറാക്കുന്ന അവസരത്തിൽ മനസ്സിൽകൂടി പുനരുത്ഥാന ദിവസത്തെ സംഭവങ്ങൾ ഒന്നൊന്നായി കടന്നുവന്നു. താമസിയാതെ അദ്ദേഹം തന്റെ മുറിയിലുള്ള ഓർഗന്റെ മുമ്പിൽ ഇരുപ്പുറപ്പിച്ചു. തന്റെ മനസ്സിൽ ഉയർന്നുവന്ന ചിന്തകൾ ഗാനവരികളായി പുറത്തുവന്നു.



*Lowry*

1875–ൽ ഈ ഗാനം പ്രസിദ്ധപ്പെടുത്തി. ലൗറിയുടെ വാക്കുകളിൽ ഗാനരചനയ്ക്കായി ഒരു നിശ്ചിതരീതിയൊന്നുമില്ല. ചിലപ്പോൾ ഈണമായിരിക്കും ആദ്യം രൂപപ്പെടുക. പിന്നീട് വാക്കുകൾ രചിക്കുന്നു. മറ്റു ചിലപ്പോൾ നേരെ മറിച്ചും. ഈണമായാലും കവിതയായാലും അത് ഏതവസരത്തിൽ തോന്നിയാലും ഉടൻ അതു കുറിക്കുന്നു. സംഗീതവും കവിതയും ഒരുമിച്ച് ലഭിക്കുന്ന അവസരങ്ങളുമുണ്ട്.

മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും വ്യത്യസ്ത ഭാവങ്ങൾ ചരണങ്ങളിലും പല്ലവിയിലും രൂപപ്പെടുത്തിയിരിക്കുന്നു. പല്ലവി ഉത്സാഹത്തോടും വിജയാഹ്ലാദത്തോടും പാടുന്നത് കൂടുതൽ അർത്ഥവ്യാപ്തി വരുത്തും. മലയാളത്തിലേയ്ക്ക് 'യേശുക്കല്ലറയ്ക്കുൾ' എന്നു തുടങ്ങി ഈ ഗാനം വിവർത്തനം ചെയ്ത ലേഖകൻ നാലാമതൊരു ചരണവും കൂടി ചേർത്തിരിക്കുന്നത് അനുയോജ്യം തന്നെ. അന്ത:സത്തയ്ക്കു കോട്ടം വരാതെ ഈണത്തിനു തക്കവണ്ണം പദങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നത് ശ്ലാഘനീയമാണ്. ഈ ഗാനം ഇന്ന് വിവിധഭാഷകളിൽ ലോകമെങ്ങും പാടപ്പെടുന്നു.

1899–ൽ റോബർട്ട് ലൗറി തന്റെ 73–ാം വയസ്സിൽ നിത്യഗൃഹത്തിലേയ്ക്കു പ്രവേശിച്ചു.

"..............ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചു വയ്ക്കുന്നത് അസാദ്ധ്യമായിരുന്നു" അപ്പോ. 2:23.



**KIDS' CORNER**

Introducing an achiever **Jonathan Edwards**

(Excelling in academics with an average score of 90%, Jonathan Edwards has been maintaining his position among the top 5 ranks in his class right from 1st to 7th standard at the Loyola School, Trivandrum. All these years, he is recipient of the prestigious '**All Rounder award**' of the school. Flair for extra-curricular activities has won him prizes in State level elocution and recitation competitions. Apart from winning prizes for Elocution at the Diocesan level, in the inter-church arena, he has steadily won prizes in the Bible Quiz and Elocution competitions conducted by the YMCA and UCM. He was top scorer in the Diocesan level Annual Sunday School Scriptural examination 2021. His comments on certain topies were published in the student edition of Times of India.

My former Sunday school student **Asso. Prof. Ramola Joy**, Marian Engineering College, was quite happy when inquired about the sporting career of her son Jonathan Edwards. In 2016, at the age of six, Jonathan was inducted to learning **Roller skating** in his school and further regular 3-hr training was gained under Coach Mr. A. Nazar at the Central stadium during weekends: on Saturday and Sunday since 2017. Initially he used the beginner skates. It took him around 3 months to set his balance in the beginner skates. Later he moved into the speed skating shoes Viva skates with bionic bearings and currently, he is used to Battle skates with Poison Wheels and Swiss gold bearing.

Besides Roller skating, Jonathan got skilfully trained in **Rollball**

which is a unique combination of roller skates, basketball and hand ball. Each team consists of 12 players, six on the field and six in reserve. The team scoring maximum goals within a stipulated time wins the match.

He entered into the Trivandrum District Rollball team in 2017, which won Bronze medal in State Championship and in 2018, he got selected to the Kerala State Rollball team and participated in the National Rollball Championship at Gujarat. He captained the Trivandrum District Rollball team thrice and the Kerala State Rollball team twice, winning several matches.

Initially he was a defender in the team and now a striker. He was credited as the '**top goal scorer**' of the Kerala team in the National Rollball Championship held in Jaipur.

Jonathan has won the following tournaments:

1) South Zone & Speed Skating Championship 2017
   - Bronze Medal in U-8yrs Rink-II Quad
2) All India Invitational Roller Skating Championship (Gujarat)
   - Silver Medal in Rink I Quad
   - Silver Medal in Rink II Quad.
3) South Asian Roller Sports Championship 2018 (Sri Lanka)
   - Gold Medal in Rink I Quad
   - Silver Medal in Relay Race
4) South Zone Roller Skating Championship 2018
   - Bronze Medal in Rink I Quad
   - Gold Medal in Rink I Quad
   - Silver Medal in Relay Race
5) Kerala State U-11 Rollball Championship 2017
   - Bronze Medal
6) Kerala State U-11 Rollball Championship 2018
   - Bronze Medal
7) Kerala State U-11 Rollball Championship 2019
   - Gold Medal

8) South Zone U-11 Rollball Championship 2020
- Bronze Medal

9) Kerala State U-14 Rollball Championship 2021
- Silver Medal

10) South India U-14 Rollball Championship 2021
- Gold Medal

11) Kerala State U-14 Rollball Championship 2022
- Bronze Medal

12) South India U-14 Rollball Championship 2022
- Gold Medal

13) Kerala Olympic Association - Off-Ice Speed Skating 2022
- Gold Medal in Rink I Quad race
- Gold Medal in Rink II Quad race

14) Kerala Region Schools Speed Skating Championship
- Bronze Medal in Rink I Quad race
- Bronze Medal in Rink II Quad race

Besides Roller Sports, Jonathan holds passion for **Basketball and Football.** He captains the Loyola School Subjunior Basketball team and is a member of the Trivandrum District sub-junior Basketball team. His team won gold medal in the U-14 category in Zone-A level ICSE Schools Sports meet for both Basketball and Football.

Special credit goes to his grandfather Mr. R J D Prathapan who takes all out efforts to take him to all coaching and practice sessions on time. While Jonathan attributes all praise and glory to God Almighty for his accomplishments, he is highly focused on God's continued guidance in his future pursuits. The Mateer Memorial Church Congregation congratulates Jonathan Edwards for his achievements and prays for God's abundant blessings on his life.

Prepared by : **Dr. Christenson E. Sarasam**
Inspiration : **Er. Premdas Justus**

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Second Epistle to Corinthians 9 to 13, Epistle to Galatians 1 to 5. Kindly, read these ten chapters before attempting the quiz.In the reading portion Paultalks more about how much he has toiled for the kingdom of God. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before April23rdthrough email at churchvoicequiz@gmail.com

***Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.***

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. Paul stayed with Peter (Cephas) for how many days?
2. Who is from Mount Sinai and bears children who are to be slaves?
3. To whom did Paul boast that saints in Achaia were ready to give since last year?
4. How many times did Paul plead with the Lord to take away the thorn in his flesh?
5. Who declares that the whole world is a prisoner of sin?
6. Satan himself masquerades as ………………
7. "His letters are weighty and forceful". Who do some people talk about like this?
8. Paul writes that the entire law is summed up in a single command. Which command?
9. "May the grace of the Lord Jesus Christ, and the love of God, and the fellowship of the Holy Spirit be with you all." What is the reference for the above benediction?
10. Who were reputed to be pillars (of the Jerusalem church)?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions*

*The correct answers to the quiz from 1 Corinthians 15,16 and 2 Corinthians 1 to 8*

1. His Spirit (2 Cor. 1:22)
2. With fear and trembling (2 Cor. 7:15)
3. Jars of clay (2 Cor. 4:7)
4. Faith (2 Cor. 5:7)
5. Ephesus (1 Cor. 15:32)
6. The letter (2 Cor. 3:6)
7. Weapons of righteousness (2 Cor. 6:7)
8. Until pentecost (1 Cor. 16:8)
9. Titus (2 Cor. 2:13)
10. The Macedonian churches (2 Cor. 8:1)

*List of people who had submitted the right answers*

1. Meehal Godwin
2. Jolly David
3. Sujana Satish
4. Latha Job
5. Chandra John
6. Dora Johnson
7. Jolly Irene G.
8. Gladis J.
9. Sheeja L.
10. Abraham A. S.
11. Achsah A. S.
12. Girly Rajesh John
13. Rajesh John Ross
14. Soben S. L.
15. Reuben S. L.
16. Anie Reuben
17. Nesakumari Davidson

*List of those who got only one answer wrong : 1. J. Sumangala*

## ചർച്ച് വോയിസ് ബൈബിൾ ക്വിസ്സ് (മലയാളം പരിഭാഷ)

**മാർച്ച് - ഏപ്രിൽ 2023, 2 കൊരിന്ത്യർ9-13 & ഗലാത്യർ1-5**

എല്ലാമാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ച തിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. പൗലൊസ് കേഫാവിനോടുകൂടെ (പത്രൊസ്) പാർത്തത് എത്ര ദിവസം?
2. സീനായ് മലയിൽ നിന്നു ഉണ്ടായി അടിമകളെ പ്രസവിക്കുന്നു, എന്നു പറയുന്നത് ആരെക്കുറിച്ച്?
3. അഖായകീഴാണ്ടു മുതൽ ഒരുങ്ങിയിരിക്കുന്നു എന്നു പൗലൊസ് ആരോടാണ് പ്രശംസിച്ചു വന്നത്?
4. തന്റെ ജഡത്തിലെ ശൂലം മാറേണ്ടതിനു പൗലൊസ് എത്ര വട്ടം കർത്താവിനോടു അപേക്ഷിച്ചു?
5. എല്ലാവറ്റെയും പാപത്തിൻ കീഴടച്ചുകളഞ്ഞതാർ?
6. സാത്താൻ താനും വേഷം ധരിക്കുന്നുവല്ലോ.
7. "അവന്റെ ലേഖനങ്ങൾ ഖനവും ഊറ്റവും ഉള്ളവ", എന്ന് ചിലർ ആരെക്കുറിച്ചാണ് പറയുന്നത്?
8. ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു, എന്നു പൗലൊസ് എഴുതിയിരിക്കുന്നു. ഏത്വാക്യം?
9. "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവ രോടും കൂടെ ഇരിക്കുമാറാകട്ടെ." ഈ ആശീർവാദം ഏതു വേദഭാഗ ത്തിലാണ് കാണുന്നത്?
10. തൂണുകളായി എണ്ണപ്പെട്ടിരുന്നത് ആരൊക്കെ?

## മരണഭയത്തെ പടികടത്തിയ ഉത്ഥാനം

ക്രിസ്തുവിന്റെ ഉയിർപ്പാണ് വിശ്വാസിയുടെ ജീവിതത്തെ അർത്ഥ വത്താക്കുന്നത്. തിന്മയുടെമേൽ നന്മയുടെ വിജയമായും ഇരുട്ടിന്മേൽ വെളിച്ചത്തിന്റെ അധീശത്വമായും അത്യന്തികമായി നമ്മുടെ ഉയിർപ്പായും ക്രിസ്തുവിന്റെ ഉയിർപ്പിനെ വ്യാഖ്യാനിക്കാം.

ക്രിസ്തുവുമായി ബന്ധപ്പെട്ട ഏതൊരാൾക്കും സാഹചര്യ ങ്ങൾക്കും സമയങ്ങൾക്കും ഒരു ഉയിർപ്പുണ്ട്. നന്മയിൽ നിന്നും കൂടു തൽ നന്മയിലേക്കും അനുഗ്രഹങ്ങളിൽ നിന്നും കൂടുതൽ അനുഗ്ര ഹങ്ങളിലേക്കുമുള്ള ഉയിർപ്പ്.

# CSI MATEER MEMORIAL CHURCH
# PASSION WEEK 2023




**02-04-2023**

**8:30 am :** Procession
**9:00 am :** Malayalam Service
(Holy Communion)

**Monday**

**03-04-2023**

**6:30 pm** : Evening Worship
Lead by Sunday School
Speaker :**Er. Thomas Cris Sarasam**

**Tuesday**

**04-04-2023**

**6:30 pm :** Evening Worship
Lead by Young Family Fellowship
Speaker : **Mrs. Nithya Anish**

**Wednesday**

**05-04-2023**

**6:30 pm :** Evening Worship
Lead by Womens' Fellowship
Speaker :**Mrs. Premula Morris**




**06-04-2023**

**4:30 pm :** SCF Meeting (Holy Communion)
**6:30 pm :**Maundy Thursday Service
**CONVENTION (DAY 1)**
Speaker : **Bro. Aniyan Kunju Pulladu**




**07-04-2023**

**9:00 am :** Morning Worship
Speaker : **Bro. Aniyan Kunju Pulladu**

**10:30 am :Meditation on verses on the Cross**

1. *Father, forgive them; for they know not what they do.*
   Speaker : Mr. Sajan Samson
2. *Today shalt thou be with me in paradise.*
   Speaker : Mr. Albert Daniel Vinod
3. *Woman, behold, thy son! Behold, thy mother!*
   Speaker : Mrs.Meehal Godwin
4. *My God, my God, why hast thou forsaken me?*
   Speaker : Ms.Brigitta W. L.
5. *I thirst.*
   Speaker : Mr.Sen Edwin
6. *It is finished.*
   Speaker : Er. Lal Jayakumar
7. *Father, into thy hands I commend my spirit.*
   Speaker : Mr. Solomon Jacob

**2:00 pm :** Devotion
**6:30 pm : CONVENTION (DAY 2)**




**08-04-2022**

**6:30 pm : CONVENTION (DAY 3)**




**09-04-2023**

**7:15 am :** Tamil Service (Holy Communion)
**9:00 am :** Malayalam Service (Holy Communion)
**6:30 pm** : Easter Concert by Church Choir

